


# അക്കാദമിക മാസ്റ്റർ പ്ലാൻ

2025-26

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ഉള്ളടക്കം

1. ആമുഖം
2. കാഴ്ചപ്പാട്
3. പൊതുലക്ഷ്യങ്ങൾ
4. അക്കാദമിക പ്രവർത്തനങ്ങൾ
5. പ്രവർത്തന വിശദാംശങ്ങൾ
6. ഉപസംഹാരം

# പ്രൊഫൈൽ

വിദ്യാലയത്തിന്റെ പേര് - ഗവ. എൽ.പി.എസ്. ആത്മവിദ്യാസംഘം.

വാർഡ് - തൃക്കുന്നപ്പുഴ മൂന്നാം വാർഡ്.

ക്ലസ്റ്ററിന്റെ പേര് [CRC] - - ഗവ. എൽ. പി. എസ്സ് തൃക്കുന്നപ്പുഴ.

ബ്ലോക്കിന്റെ പേര് - ഹരിപ്പാട്.

ജില്ല - ആലപ്പുഴ

ഹെഡ്മിസ്ട്രെസ്സ് - ശാന്തകുമാരി.

മൊബൈൽ നമ്പർ - 9037782912

# അക്കാദമിക മാസ്റ്റർ പ്ലാൻ.

## ആമുഖം

ആലപ്പുഴ ജില്ലയിൽ തൃക്കുന്നപ്പുഴ പഞ്ചായത്തിൽ പല്ലനയാറിന്റെ കിഴക്കേക്കരയിലാണ് ഈ സ്കൂൾ സ്ഥിതിചെയ്യുന്നത്. 1903-ൽ മീനത്തേരിൽ ശ്രീ. കൃഷ്ണൻ വേലായുധൻ ആരംഭിച്ച കുടിപ്പള്ളിക്കൂടം പിന്നീട് എൽ. പി. സ്കൂളായി മാറി പ്രസ്തുത സ്കൂൾ 1912-ൽ വാഗ്ഭടാനന്ദ ഗുരുവിന്റെ സാന്നിധ്യത്തിൽ "ആത്മവിദ്യാസംഘം" സ്കൂളായി നാമകരണം ചെയ്യപ്പെട്ടു. പിന്നീട് പ്രസ്തുത പേര് നിലനിർത്തിക്കൊണ്ട് ഗവ: വിട്ടുകൊടുത്തു. തുടർന്ന് നാളിതുവരെ ഈ നാടിന്റെ സാംസ്കാരിക ചരിത്രത്തിന്റെ ഒരു നാഴികക്കല്ലായി ആത്മവിദ്യാസംഘം ഗവ. എൽ. പി സ്കൂൾ നിലനിന്നു പോരുന്നു. ഇപ്പോൾ വിദ്യാഭ്യാസ വകുപ്പിന്റെ രേഖകളിൽ ഗവ. എൽ. പി. എസ് ആത്മവിദ്യാസംഘം എന്ന പേരിലാണ് കാണപ്പെടുന്നത്.

പാവപ്പെട്ട കർഷകതൊഴിലാളികളുടെയും കയർതൊഴിലാളികളുടെയും മത്സ്യതൊഴിലാളികളുടെയും മക്കളാണ് ഇവിടെ അന്നും ഇന്നും വിദ്യ അഭ്യസിക്കുന്നത്. എങ്കിലും പഴയ കാലത്തേക്കാൾ സാമൂഹികമായും സാമ്പത്തികമായും വളരെയേറെ മുൻപിലാണ് ഇപ്പോൾ കിഴക്കേക്കര വടക്ക് എന്ന സ്ഥലവും ഈ സ്കൂളും. ഈ സ്കൂളിലെ ചില പൂർവ്വവിദ്യാർത്ഥികളിൽ ചിലർ

ഉന്നത ശ്രേണിയിൽ എത്തിയവരാണ്. ഈ സ്കൂളിലെ പ്രഥമ അധ്യാപകനായിരുന്ന ശ്രീ കുഞ്ഞുപണിക്കർ, ശ്രീ കുഞ്ഞൻപിള്ള, ശ്രീ സുരേന്ദ്രൻ, കെ.പി.സി.സി. അംഗമായ ശ്രീ. എ. കെ. രാജൻ, എസ്. എൻ. ഡി. പി യോഗം ഡയറക്ടർ ശ്രീ ഷാജി ബോൺസലെ, ബി. എസ്. പി. സംസ്ഥാന നേതാവായിരുന്ന ശ്രീ സോമലാൻബാബു, ഡോ. സി. പ്രമോദ് കുമാർ, ഡോ. എസ്. പ്രസന്നൻ തുടങ്ങിയവർ അവരിൽ ചിലർ പ്രമുഖ വ്യക്തികളാണ്. വിദ്യാലയത്തിന്റെ ആരംഭകാലം മുതൽ 2005 – 2008 കാലഘട്ടംവരെ വിദ്യാർത്ഥികളുടെ എണ്ണം വളരെ കൂടുതലായിരുന്നു. പിന്നീട് അങ്ങോട്ട് അൺ. എയിഡഡ് വിദ്യാലയങ്ങൾ കൂൺ പോലെ മുളച്ചുവന്നത് മറ്റ് പൊതുവിദ്യാലയങ്ങളെ പോലെ ഈ വിദ്യാലയത്തിലെയും എണ്ണത്തെ സാരമായി ബാധിച്ചു. 2025 – 2026 അധ്യയന വർഷം ഈ വിദ്യാലയത്തിൽ 74 ആൺകുട്ടികളും, 62 പെൺകുട്ടികളും (പ്രീപ്രൈമറി അടക്കം) 136 വിദ്യാർത്ഥികൾ ഉണ്ട്. തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിന്റെയും, എസ്. എസ്. എയുടെയും സാമ്പത്തിക സഹായത്തോടെ എസ്. എം. സി എം. പി.ടി. എ എന്നിവയുടെ ശ്രമഫലമായി ഭൗതിക സാഹചര്യങ്ങളിൽ മാറ്റം വരുത്തി.

കൂടാതെ പഞ്ചായത്ത് വഴി ധാരാളം ആനുകൂല്യങ്ങൾ ലഭിക്കുകയുമുണ്ടായി. ടോയിലറ്റുകൾ പൂർണ്ണമായും ടൈൽസ് ഇടുകയും 2025 – 2026 ഈ വർഷത്തെ ബഡ്ജറ്റിൽ നമ്മുടെ സ്കൂളിൽ 2 കോടി അനുവദിച്ചു. ഇത് പ്രാബല്യത്തിൽ വരുന്നതോടെ എൽ. കെ. ജി മുതൽ നാലുവരെയുള്ള ക്ലാസുകൾ

പൂർണമായും ഹൈടെക്കായി മാറുന്നതാണ്. അധ്യാപകരുടെ കൂട്ടായ ശ്രമഫലമായി അക്കാദമിക സൗകര്യങ്ങളും വളരെ മെച്ചപ്പെട്ട നിലയിലാണ്.

പാഠ്യ പാഠ്യേതര രംഗങ്ങളായ എല്ലാ മേഖലകളിലും ഇവിടുത്തെ കുട്ടികൾ പങ്കെടുക്കുകയും, സമ്മാനങ്ങൾ കരസ്ഥമാക്കുകയും ചെയ്യുന്നുണ്ട്. ശാസ്ത്രമേള, വിദ്യാരംഗം കായികമേള, കലോത്സവം വിവിധ ക്വിസ് പരിപാടികൾ തുടങ്ങിയവയിൽ എല്ലാം കുട്ടികൾ സജീവമായി പങ്കെടുക്കുന്നു. പി.ടി, കരാട്ടെ, ഡാൻസ്, തുടങ്ങിയവയുടെ ക്ലാസും സ്കൂളിൽ നടത്തി വരുന്നു. പരിസര ശുചിത്വം, അച്ചടക്കം, എന്നിവയിലും കൂടുതൽ ശ്രദ്ധ കൊടുക്കുന്നു. ഉച്ചഭക്ഷണം വിഭവ സമൃദ്ധമായും, ശുചിയായും കൊടുക്കുന്നതിൽ ശ്രദ്ധിച്ചു വരുന്നു. എങ്കിലും, കുട്ടികളുടെ കായിക വിദ്യാഭ്യാസത്തിന് ആവശ്യമായ കളിസ്ഥലത്തിന്റെ അഭാവം നിലനിൽക്കുന്നു. ഇതിനാവശ്യമായ സ്ഥലം സ്കൂളിനുണ്ട്. അത് കളിസ്ഥലം ആക്കുന്നതിന് ആവശ്യമായ സജ്ജീകരണങ്ങൾ ഗ്രാമപഞ്ചായത്ത്, എസ്. എസ്. എ. എന്നിവിടങ്ങളിൽ നിന്നും ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

## കാഴ്ചപ്പാട്

ഓരോ ക്ലാസ്സിലും ലക്ഷ്യമിടുന്ന പഠനനേട്ട-
ങ്ങൾ കൈവരിക്കുന്നതിനായി അതാത് ക്ലാസിലെ
കുട്ടികളുടെ നിലവാരത്തിന് അനുയോജ്യമായ പഠനപ്ര-
വർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും അതുവഴി
മികച്ച ഗുണമേന്മ വിദ്യാഭ്യാസം ഉറപ്പ് വരുത്തുകയും
ചെയ്യുക. വിവിധ ഭൗതിക സംവിധാനങ്ങളുടെ സഹായം [illegible]
തുവഴി സ്കൂളിൽ അനുവദിച്ച ഹൈടെക് ഉപയോഗപ്പെടുത്തി [illegible] മികവിന്റെ കേന്ദ്രം എന്ന സ്വപ്നം യാഥാർഥ്യമാക്കുക

## പൊതുലക്ഷ്യങ്ങൾ

ഓരോ കുട്ടിക്കും വിദ്യാലയ അന്തരീക്ഷം
ആസ്വാദ്യകരമാക്കുക. കുട്ടികളുടെ പൂർണ പങ്കാളിത്തം
ഉറപ്പാക്കുന്നതോടൊപ്പം പഠന പ്രവർത്തനങ്ങളിൽ രക്ഷി-
താക്കളേയും സമൂഹത്തെയും പങ്കാളികളാക്കുക. സ്കൂൾ
സുരക്ഷയ്ക്ക് മുൻഗണന നൽകുക, എല്ലാ വകുപ്പുകളുടെയും സഹായത്തോടെ
സുരക്ഷിതത്വം ഉറപ്പുവരുത്തുക. പഠന പിന്തുണ സംവിധാനങ്ങളായ
ലൈബ്രറി, ലാബ്, കമ്പ്യൂട്ടർ എന്നിവ എല്ലാ വിദ്യാർത്ഥികൾക്കും
ഉപയോഗപ്പെടുത്തുക. പഠന പിന്നോക്കാവസ്ഥ നേരിടുന്ന
കുട്ടികൾക്ക് സഹപഠിതാക്കൾ, അധ്യാപകർ, രക്ഷിതാക്കൾ-എ-
ന്നിവരുടെ സഹായത്തോടെ പഠനനിലവാരം മെച്ചപ്പെടു-
ത്തുക. പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് അനുയോ-
ജ്യ [illegible] സാധ്യമാക്കുക. ക്ലാസ്സ് റൂം പ്രവർത്തനങ്ങൾക്ക് പുറമേ
കലാകായിക പ്രവൃത്തി പരിചയ പ്രവർത്തനങ്ങളിൽ ഇടപെടു-
ന്നതിനുള്ള അവസരം ഉണ്ടാക്കുക. മാനുഷിക മൂല്യങ്ങൾക്ക് വളർ-
ത്തിയെടുത്ത് കൊണ്ട് ഒരു നല്ല മനുഷ്യനായി വാർത്തെടുക്കുക.

## സമഗ്ര പുരോഗതി രേഖ

ഒരു കുട്ടിയുടെ പുരോഗതി ഒരു ബഹുമേഖലാപരമായ പ്രക്രിയയാണ്. അത്തരം വളർച്ചയെ ശാസ്ത്രീയമായി രേഖപ്പെടുത്താനും, ശേഖരിക്കാനും, തുടർന്നുള്ള അധ്യയനത്തിനും, പിന്തുണയ്ക്കുന്നതിനും വേണ്ടിയാണ് സമഗ്ര പുരോഗതി രേഖ രൂപകൽപ്പന ചെയ്തിരിക്കുന്നത്. ഇതൊരു പരീക്ഷാമാർക്കിനപ്പുറം, കുട്ടിയുടെ ബുദ്ധിപരമായ കഴിവ്, സാമൂഹികമായ പെരുമാറ്റം, വ്യക്തിപരമായ കഴിവുകൾ, മാനസികസ്ഥിതികൾ, ശാരീരിക ക്ഷമത തുടങ്ങിയവയെ സമാനമായി വിലമതിക്കുകയും, രേഖപ്പെടുത്തുകയും ചെയ്യുന്നു.

## പ്രവർത്തന ലക്ഷ്യങ്ങൾ

☆ കുട്ടിയുടെ ബഹുമേഖലാപരമായ വളർച്ച രേഖപ്പെടുത്തുക.

☆ ബുദ്ധിമുട്ടുകളും, പുരോഗതിയും, തിരിച്ചറിയുകയും അതനുസരിച്ച് ഇടപെടലുകൾ ആസൂത്രണം ചെയ്യുക.

☆ തുടർച്ചയായ അധ്യയനത്തിന് ശാസ്ത്രീയത നൽകുക.

* മാനുഷിക മൂല്യങ്ങൾ തിരിച്ചറിഞ്ഞ് നല്ല സ്വഭാവരൂപീകരണം സാധ്യമാകുവാനും അതുവഴി സ്കൂളിലും സമൂഹത്തിലും നന്നാവും വിധം ഇടപെടലുകൾ നടത്തുന്ന ഒരു തലമുറയെ സൃഷ്ടിക്കുക.

## അക്കാദമിക് മോണിറ്ററിംഗ്

വിദ്യാർത്ഥികളുടെ പഠന പുരോഗതി ഉറപ്പുവരുത്തുന്നതിനായി അധ്യാപകരുടെ ആസൂത്രണം, ക്ലാസ്റൂമിലെ ഇടപെടലുകൾ, കുട്ടികളുടെ പങ്കാളിത്തം, പഠന പ്രവർത്തനങ്ങൾ എന്നിവയുടെ ശാസ്ത്രീയ അവലോകനമാണ് അക്കാദമിക് മോണിറ്ററിംഗ്. പഠനം കേവലം ലക്ഷ്യബദ്ധമായതല്ല, കുട്ടികളെ ആഴത്തിലുള്ള അറിവിലേക്കും, കഴിവിലേക്കും നയിക്കുന്നതുമാകണം. ഇത് ഉറപ്പാക്കുവാൻ മേൽനോട്ട ഉദ്യോഗസ്ഥർ സ്കൂൾതല പ്രവർത്തനങ്ങൾ പ്രതിവാരമായി വിലയിരുത്തുകയും, അനുയോജ്യമായ പുനഃസംഘടനയ്ക്കും, പിന്തുണയ്ക്കും, തുടർന്നുള്ള ഇടപെടലുകൾക്കും നേതൃത്വം നൽകുകയും വേണം.

### പ്രവർത്തന ലക്ഷ്യങ്ങൾ

☆ അധ്യാപകരുടെ ആസൂത്രണത്തിന്റെയും ക്ലാസ്റൂം ഇടപെടലിന്റെയും ഗുണനിലവാരം വിലയിരുത്തുക.

☆ കുട്ടികളുടെ പഠന പുരോഗതി വിലയിരുത്തുന്നതിനുള്ള ഡിജിറ്റൽ തെളിവുകൾ, ക്ലാസ് പ്രവർത്തനങ്ങൾ, പോർട്ട്ഫോളിയോ മുതലായവ പരിശോധിക്കുക.

☆ ശ്രദ്ധയാകർഷിക്കേണ്ട മേഖലകളെ തിരിച്ചറിഞ്ഞ് പിന്തുണ നൽകുക.

# വികാസപ്രദവിലയിരുത്തൽ

വികാസപ്രദവിലയിരുത്തൽ എന്നത്-
പഠനപ്രക്രിയയിൽ നിന്നും ഉയരുന്ന-
ഒരു സമഗ്രമായും, പ്രതിഫലനവുമാണ്.
പഠനത്തിനും, അധ്യാപനത്തിനുമിടയിലെ-
ദിശാബോധം നൽകുന്ന. വളർച്ചാ കേന്ദ്രമാ-
ണിത്. കുട്ടിയുടെ അറിവ്, പ്രക്രിയാശേഷി-
പങ്കാളിത്തം, ആശയവിനിമയം, ആശയധാ-
രണ തുടങ്ങിയവയെ അടിസ്ഥാനമാക്കി നിര-
ന്തരം മുന്നോട്ടു പോകുന്ന ശൈലി വളർ-
ത്തുന്നതാണ് വികാസപരമായ വിലയിരു-
ത്തൽ

## പ്രവർത്തന ലക്ഷ്യങ്ങൾ

- കുട്ടിയുടെ പഠനപ്രവൃത്തിയിൽ പങ്കാളി-
ത്തം, ധാരണ, പ്രകടനം, രേഖപ്പെടുത്തൽ
എന്നിവയുടെ ആധികാരിക വിലയിരുത്തൽ-
നടത്തുക.
- തത്സമയത്തിൽ കുട്ടിയുടെ പഠനപുരോ-
ഗതിയെ തിരിച്ചറിയാനും, പിന്തുണയ്ക്കാനും
കഴിയുക.
- വൈവിധ്യമാർന്ന പഠനരീതികളിൽ ഉൾ-
പ്പെടുത്തിയ വളർച്ച തിരിച്ചറിയുക.

# അവസ്ഥാ വിശകലനം

കുട്ടികളുടെ എണ്ണം ക്ലാസ് അടിസ്ഥാനത്തിൽ .

| ക്ലാസ് I | ക്ലാസ് II | ക്ലാസ് III | ക്ലാസ് IV | ആകെ കുട്ടികൾ |
|---|---|---|---|---|
| 27 | 21 | 24 | 24 | 96 |

ഡിവിഷനുകൾ

| I | II | III | IV |
|---|---|---|---|
| 1 | 1 | 1 | 1 |

## അധ്യാപകർ

എച്ച്.എം - 1

എൽ.പി.എസ്.എ - 3

## പ്രീ-പ്രൈമറി

കുട്ടികളുടെ എണ്ണം :

| LKG | UKG | Total |
|---|---|---|
| 18 | 25 | 43 |

അധ്യാപകർ - 2

ആയ - 1

സ്കൂൾ പരീക്ഷാഫലങ്ങളിൽ ഏകദേശം
..%. കുട്ടികൾക്കും എ ഗ്രേഡ് ലഭിക്കുന്നുണ്ട്.
..കൂടാതെ കായികപരമായ പ്രവർത്തനങ്ങൾക്ക് പ്രാധാന്യ..
..ൽകുന്നുണ്ട്. ഉപജില്ല സ്പോർട്സ്, സബ്ജില്ല
..ചനാ മത്സരങ്ങൾ, ചിത്രരചനാ മത്സരങ്ങൾ എന്നിവയി..
..ല്ലാം ഈ സ്കൂളിലെ കുട്ടികൾ പങ്കെടുക്കുകയും..
..കച്ച വിജയം കൈവരിക്കുകയും ചെയ്തു.

## ..പതിസന്ധി

ഭൗതികസാഹചര്യങ്ങളുടെ അപര്യാപ്തത.
..ഴ്സറി ക്ലാസുകളിലെ ഓണറേറിയം ലഭിക്കാത്തത്.
..ഹന സൗകര്യം. സ്മാർട്ട് ക്ലാസുകൾ ഉൾപ്പെടെയുള്ള
..സൗകര്യങ്ങളോടുകൂടിയ സ്കൂൾ കെട്ടിടത്തിന്റെ
..പര്യാപ്തത. നിലവിലുള്ള ഓടു മേഞ്ഞ കെട്ടിടത്തിന്റെ..
മേൽക്കൂര ജീർണിച്ച അവസ്ഥയിലാണ്. പഞ്ചായത്ത് പ്രൊജക്ടി..
ഉൾപ്പെടുത്തി ആദ്യം 5 ലക്ഷം രൂപയും പിന്നീട് ഒരു rev..
ഇഷ്യൂതും ചെയ്തു. എത്രയും വേഗം ഒരു ലഭ്യമാക്കി
കെട്ടിടത്തിന്റെ ശോചനീയാവസ്ഥക്ക് പരിഹാരം കാണണ..
മെന്ന് പ്രത്യാശിക്കാം.

| | | | | |
|---|---|---|---|---|
| | | ക്വിസ് മത്സരങ്ങൾ, ലഘുവിഷയങ്ങളെ അടിസ്ഥാനമാക്കി സ്വതന്ത്രവായന സർഗാത്മക രചന.<br>പതിപ്പുകൾ തയ്യാറാക്കൽ<br>വായ്ത്താരികൾ പരിചയപ്പെടൽ, നാടൻപാട്ട് അവതരണം<br>പത്രവായന (അസംബ്ലിയിലും ക്ലാസിലും)<br>ബാലസാഹിത്യ പുസ്തകങ്ങളിൽ വായനാമൂല സജ്ജമാക്കൽ<br>വായനാ പ്രതിഭാ പുരസ്കാരം<br>ചങ്ങലവായന<br>പ്രസംഗ മത്സരം<br>അമ്മവായന, അമ്മമാർക്ക് ക്വിസ്. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ |
| 3. | കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക | കുട്ടികളിൽ സാഹിത്യാഭിരുചി വളർത്തി സർഗാത്മകതയ്ക്ക് അവസരം നൽകുന്ന എഴുത്തുകൂട്ടം രൂപീകരിക്കൽ<br>ആസ്വാദന കുറിപ്പുകൾ തയ്യാറാക്കൽ, വിവിധ സാഹിത്യ ശാഖകൾ പരിചയപ്പെടൽ<br>പതിപ്പ് തയ്യാറാക്കൽ.<br>കഥാ രചന, കവിതാ രചന<br>പാവനാടകം, കൈയെഴുത്ത് മാസിക | ജൂൺ മുതൽ മാർച്ച് വരെ | അധ്യാപകർ |

| | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | പിന്തുണ |
|---|---|---|---|
| സർഗാത്മക വികസനം | നാടകീകരണം, സർഗാത്മക ഡയറി ബാലസഭകളിൽ അവതരണം പതിപ്പ് തയ്യാറാക്കൽ സാമൂഹികവിഭവങ്ങളും/സമൂഹവും ഉപയോഗപ്പെടുത്തൽ | ജൂൺ മുതൽ മാർച്ച് വരെ | രക്ഷിതാക്കൾ അധ്യാപകർ |

## വിഷയം :- മലയാളം

| [illegible] | | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | പിന്തുണ |
|---|---|---|---|---|
| | | അക്ഷരങ്ങളും ചിഹ്നങ്ങളും ഉറപ്പിക്കൽ.<br>അക്ഷരകാർഡുകൾ നൽകി വാക്കുകൾ ഉറപ്പിക്കൽ<br>സംയുക്ത ഡയറി, ചിത്ര ബുക്ക് | ജൂൺ രണ്ട് വാരം | ക്ലാസ്ടീച്ചർ |
| | | ചിത്രത്തിൽ നിന്ന് കഥ പറയൽ, കഥ എഴുതൽ, കഥ-പൂർത്തിയാക്കൽ<br>ക്ലാസ് പി.ടി.എ. ശക്തമാക്കുക<br>ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസുകൾ | ജൂൺ മുതൽ മാർച്ച് വരെ | പി.ടി.എ |
| | | കുട്ടി ടീച്ചർ പദ്ധതി നടപ്പിലാക്കൽ<br>ICT സാധ്യത ഉപയോഗപ്പെടുത്തൽ | ,, | സഹപഠിതാവ് |
| 2. | കുട്ടിയെ മികച്ച വായനക്കാരനാക്കുക. | ക്ലാസിൽ വായനക്കൂട്ടം രൂപീകരിക്കൽ,<br>ക്ലാസ് ലൈബ്രറി രൂപീകരിക്കൽ<br>വായനാ വാരാചരണം<br>വായനാ മത്സരം<br>വായനാ കുറിപ്പ് തയ്യാറാക്കൽ | ,, | ക്ലാസ്ടീച്ചർ |

# വിഷയം - ഗണിതം

| മ്പർ | മേഖലകൾ | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | പിന്തുണ |
|---|---|---|---|---|
| | ഗണിത പിന്നോക്കാവസ്ഥ പരിഹരിക്കൽ | പ്രീടെസ്റ്റ്<br>പരിമിതികൾ പരിഹരിക്കൽ | ജൂൺ ആദ്യ വാരം<br>ജൂൺ - ജൂലൈ | ടീച്ചർ |
| 2 | ഗണിതാശയങ്ങൾ വികസിപ്പിക്കുന്നതിന് | ഗണിത ക്ലബ്ബ് രൂപീകരണം<br>ഉല്ലാസ ഗണിതം<br>ഗണിതവുമായി ബന്ധപ്പെട്ട കഥ, പാട്ട്,<br>ക്വിസ് മത്സരങ്ങൾ<br>ഗണിത അസംബ്ലി<br>ഗണിത വിജയം<br>ഗണിത കളികൾ | | ടീച്ചർ<br>കുട്ടികൾ<br>PTA |
| 3 | ചതുഷ്ക്രിയകൾ വികസിപ്പിക്കുന്നതിന് | ഗണിതകിറ്റ്<br>ഗണിതകേളികൾ<br>ചോദ്യോത്തരപ്പെട്ടി<br>പതിപ്പുകൾ<br>ഗണിതമേള | ജൂൺ മുതൽ മാർച്ച് വരെ | ടീച്ചർ<br>കുട്ടികൾ |

# വിഷയം - പരിസരപഠനം

| | | | |
|---|---|---|---|
| സസ്യസംരക്ഷണം. | സസ്യസംരക്ഷണത്തിന് കുട്ടികളുടെ പങ്ക് ഉറപ്പിക്കുന്നതിനായി സ്കൂൾ പരിസരത്ത് ഔഷധത്തോട്ട നിർമ്മാണം | ജൂൺ മുതൽ മാർച്ച് വരെ | പരിസ്ഥിതി ക്ലബ്ബ്. |
| കൃഷി | കൃഷിയുമായി ബന്ധപ്പെട്ട ഓരോ അനുഭവങ്ങളും പാഠഭാഗങ്ങളുമായി ബന്ധപ്പെടുന്ന സമയത്ത് സ്വന്തമായി നിരീക്ഷണത്തിനും പരീക്ഷണത്തിനും സ്വാതന്ത്ര്യം നൽകുന്നു. കർഷകരുമായി അഭിമുഖം പ്രകൃതി നടത്തം. | ജൂൺ മുതൽ മാർച്ച് വരെ | സാമൂഹിക പിന്തുണ |
| പരീക്ഷണങ്ങൾ | ഉച്ചസമയത്തോ ഇടവേളകളിലോ കുട്ടികൾക്ക് പരീക്ഷണങ്ങളിൽ ഏർപ്പെടാൻ അവസരം. | ആഴ്ചയിൽ ഒന്ന്. | ക്ലാസ് ടീച്ചർ. |

| | | | |
|---|---|---|---|
| ഫീൽഡ് ട്രിപ്പ്. | പൊതുസ്ഥാപനങ്ങൾ കൃഷിയിടങ്ങൾ എന്നിവ സന്ദർശിക്കാൻ | മാസത്തിൽ ഒന്ന് | അധ്യാപകർ |
| പഠനയാത്ര. | പഠനയാത്രയിലൂടെ പഞ്ചേന്ദ്രിയാനുഭവങ്ങളിലൂടെ അറിവ് നേടുന്നു. പ്രകൃതി സംരക്ഷണം, ഇവയെ പറ്റിയുള്ള ധാരണ നാടിന്റെ വൈവിധ്യത്തെയും സംസ്കാരത്തെയും ബോധ്യപ്പെടുത്തൽ. | ജൂൺ, മാർച്ച് | PTA |
| മാലിന്യ ശേഖരണം. | ഹരിത കേരള സന്ദേശം നൽകൽ പ്ലാസ്റ്റിക് ഉൽപന്നങ്ങൾ, പാഴ്‌വസ്തുക്കൾ പുനോപകാരണമാക്കുന്നു. | ജൂൺ, മാർച്ച് | PTA |
| പരിസ്ഥിതി മലിനീകരണം | തന്റെ പ്രദേശത്തെ പരിസ്ഥിതി മലിനീകരണം നേരിട്ട് ബോധ്യപ്പെടുന്നു. | തുടർപ്രവർത്തനം | |

## Subject - English

| Sl No | Programme | Activity | Duration | Support |
|---|---|---|---|---|
| 1 | To develop basic skills | * Pre-test<br>* Activity based to develop language skills<br>* Making words<br>* Making Sentence<br>* Telling story<br>* Give the chance to listen and watch English story and rhymes<br>* Word games<br>* Letter game. | June 1st week<br>2 Month | |
| 2. | To develop reading skills (Reading corner and reading group) | * Class room library<br>* Make reading note<br>* Making word each and Sentence card.<br>* Reading competition<br>* Read simple poem and story<br>* Making reading materials with picture. | June/March | Teachers<br>PTA |
| 3. | English Assembly | * News Reading<br>* Reading and feeling of English story<br>* Presentation of short speech, action song etc.<br>* Speak out things persons place and importance of day etc | June to March<br>One day in One week. | Teachers<br>PTA |

| | | | | |
|---|---|---|---|---|
| | English Fest | * Conducting English drama, Story-telling<br>* Recitation, Game Choreography Elocution, roleplay skit etc.<br>* Exhibition of student product<br>* Conducting quiz Competition<br>* Making Magazine and wall magazine | March | Teachers PTA |
| 5 | Developing fluency in English | * Conducting Spoken English classes<br>* Give the chance to listen English news.<br>* Conduct film show. | Two days in one month (June - March) each day<br>One day in an year. | |

# കായിക വിദ്യാഭ്യാസം.

ഈ വർഷത്തെ വിദ്യാഭ്യാസ വകുപ്പിന്റെ പദ്ധതികളിലൊന്നായിരുന്നു സുംബാ ഡാൻസ്. സുംബാ ഡാൻസ് പോലുള്ള ലഘുവായ വ്യായാമമുറകൾ ഉൾപ്പെടുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെടുക വഴി കുട്ടികൾക്ക് മനസ്സിനും, ശരീരത്തിനും ഉന്മേഷവും, ഉത്സാഹവും, ഉണ്ടാകുന്നു. ഇത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെടുക വഴി കുട്ടികളുടെ പഠനത്തിലുള്ള ശ്രദ്ധയും താല്പര്യവും വർധിക്കുന്നു.

എല്ലാ ദിവസവും അവസാനത്തെ പിരിഡ് കുട്ടികളെ സുംബാ ഡാൻസ് പരിശീലിപ്പിക്കണം. അതുവഴി കുട്ടികൾക്ക് മാനസികോല്ലാസം വർധിപ്പിക്കാൻ കഴിയുന്നു.

# ONLINE GROOMING-
# SELF / ADULT CONTENT
# CYBERBULLYING

മൊബൈൽ ഫോണിന്റെ ഗുണദോഷ-ങ്ങളെക്കുറിച്ച് കുട്ടികളെ ബോധവ-ൽക്കരിക്കുക.

- വീഡിയോ പ്രദർശനം.
- ചാർട്ട് പ്രദർശനം
- Pre-quiz നടത്തുക.
- CYBER GROOMING, CYBERBULLYIN-G തുടങ്ങിയ CYBER രംഗത്തെ പ്രശ്ന-ങ്ങളെക്കുറിച്ച് കുട്ടികളെ ബോധവൽക്ക-രിക്കുക.

# ലഹരി വിരുദ്ധ ബോധവൽക്കരണം

ബോധവൽക്കരണ ക്ലാസ് സംഘടിപ്പിക്കുക. മദ്യത്തിന്റെയും, മയക്കു മരുന്നിന്റെയും ഉപയോഗത്തിന്റെ ദൂഷ്യവശങ്ങളെ സംബന്ധിപ്പിച്ച് വിവരം നൽകി വിദ്യാർത്ഥികളുടെ അവബോധം വർധിപ്പിക്കുക, വീഡിയോ പ്രദർശനം, ഇതുമായിബന്ധപ്പെട്ട റോൾ പ്ലേ സംഘടിപ്പിക്കുക, ചാർട്ടുകൾ പ്രദർശിപ്പിക്കുക. ബോധവൽക്കര ക്ലാസുകൾ, ഫ്ലാഷ്മോബുകൾ, സുംബാ ഡാൻസ്, ജാഗ്രത സമിതിയുടെ പ്രവർത്തനം വിപുലപ്പെടുത്തൽ, ബോധവൽക്കരണം

# ഉപസംഹാരം

വരുന്ന വർഷം കൊണ്ട് പൊതു വിദ്യാഭ്യാസത്തെ കൂടുതൽ മികവുറ്റതാക്കാൻ ഈ അക്കാദമിക മാസ്റ്റർ പ്ലാൻ കൊണ്ട് സാധിക്കും. ഓരോ കുട്ടിയെയും അടുത്തറിഞ്ഞ് അവരുടെ കഴിവുകളെ ഏറ്റവും ഉന്നതിയിൽ മാറ്റിയെടുക്കാൻ നമുക്ക് സാധിക്കും. വിദ്യാലയങ്ങളിലെ പ്രതീക്ഷാ നിർഭരമായ പ്രവർത്തനങ്ങൾ കോർത്തിണക്കി രചിതമാക്കും സ്വഭാവും പൊതു വിദ്യാലയങ്ങൾക്ക് കരുത്ത് പകരട്ടെ. ഓരോ ക്ലാസ്സിലെയും അക്കാദമിക ഏറ്റവും പിന്നാക്കാവസ്ഥയിലുള്ള കുട്ടികളെ മുന്നിൽ കണ്ടുകൊണ്ട് തയ്യാറാക്കിയ ഈ മാസ്റ്റർ പ്ലാൻ പൊതുവിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്താനും പൊതുവിദ്യാലയങ്ങൾക്കു ശക്തി പകരുവാനും കഴിയുമെന്നു പ്രതീക്ഷിക്കുന്നു. ഒപ്പം സ്വഭാവും സാധ്യവിഭവങ്ങളും നമ്മുടെ കുട്ടികൾക്ക് പഠന പിന്തുണയ്ക്കായി പ്രയോജനപ്പെടുത്തുകയും ചെയ്യുന്നതായിരിക്കും